"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ശ്രീ.പ്രമോദ്.കെ.എസ് - തിരുവനന്തപുരം ആർ.ആർ. തഹസിൽദാർ — സ്വന്തം ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

**റവന്യൂ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2735/2024/RD തീയതി,തിരുവനന്തപുരം, 16-11-2024

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 24/05/2024 തീയതിയിലെ എൽ.ആർ/4859/2024-എൽ.ആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

റവന്യൂ വകുപ്പിൽ തിരുവനന്തപുരം ആർ.ആർ. തഹസിൽദാർ ആയ ശ്രീ.പ്രമോദ്.കെ.എസ് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിൽസയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 05/08/2022 മുതൽ 07/09/2023 വരെ ചെലവായ 48,729/- രൂപ മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിൻ പ്രകാരം ലഭ്യമാക്കിയ ബില്ലുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ മെഡിക്കൽ ഓഫീസർ 47,109/- (നാൽപ്പത്തി ഏഴായിരത്തി നൂറ്റി ഒൻപത് രൂപ മാത്രം) രൂപ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിൽ തിരുവനന്തപുരം ആർ.ആർ. തഹസിൽദാർ ആയ ശ്രീ.പ്രമോദ്.കെ.എസ് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിൽസയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 05/08/2022 മുതൽ 07/09/2023 വരെ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന ആകെ തുകയുടെ 80% ആയ 37,687/- രൂപ (മുപ്പത്തേഴായിരത്തി അറുന്നൂറ്റി എൺപത്തേഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നല്കുവാൻ അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിനുരാജ് എസ്
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും സഹിതം)

ജില്ലാ ട്രഷറി, തിരുവനന്തപുരം.

ശ്രീ.പ്രമോദ്.കെ.എസ്, ആർ.ആർ. തഹസിൽദാർ, തിരുവനന്തപുരം (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (File No.Loans-LNS-L8/273/2024-Fin ഫയൽ പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-C1/140/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Vinu V Gopal
സെക്ഷൻ ഓഫീസർ
Date: 18-11-2024 11:20:33